കാർഷിക വായ്പ അനുവദിക്കുന്ന കാര്യത്തിൽ കാട്ടുന്ന വിമുഖത

9 (4064) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ കാർഷിക സഹകരണ സംഘങ്ങൾ പോലും കാർഷിക വായ്പ നൽകുന്ന കാര്യത്തിൽ വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു ;

(ഡി) കർഷകർക്കുള്ള വായ്പ ഉദാരമാക്കുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൂടുതൽ കാർഷിക വായ്പ നൽകുന്നതിന് സംഘങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം കാർഷിക വായ്പ നൽകുന്നതിൽ വിമുഖത കാട്ടിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പ നൽകാത്ത കാർഷിക വായ്പാ സംഘങ്ങൾക്ക് കാർഷികേതര വായ്പാ സംഘമാക്കി മാറ്റാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ലഭിച്ച വിശദീകരണം പരിശോധിച്ച് യാതൊരു കാർഷിക വായ്പയും നൽകാത്ത 21 സഹകരണ സംഘങ്ങളെ കാർഷികേതര വായ്പാ സഹകരണ സംഘങ്ങളായി തരംതിരിച്ചുകൊണ്ട് അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

(സി&ഡി) 21 സഹകരണ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി സർവ്വീസ് സഹകരണ ബാങ്കിനെ കാർഷികേതര വായ്പാ സഹകരണ സംഘമായി മാറ്റി ഉത്തരവ് നൽകിയെങ്കിലും കാർഷിക വായ്പ നൽകിയിരുന്നതായി കണ്ടെത്തിയതിനാൽ കാർഷിക വായ്പാ സംഘമായി നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

1. കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുകയും നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിലധികരിക്കാതെ വിതരണം ചെയ്യുന്നതിനും നിർദ്ദേശിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

2. ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 10 ലക്ഷം രൂപവരെ യാക്കി നെൽകൃഷിക്ക് 25,000 രൂപവരെ പലിശ രഹിത വായ്പയായി നൽകി യിരുന്നു. ഇപ്പോൾ പലിശയില്ലാതെ പലിശ രഹിത വായ്പ നെൽകൃഷിക്ക് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

3. പ്രാഥമിക വായപാ സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പ കൾ നൽകാൻ കഴിയാത്ത പ്രദേശങ്ങളിൽ കൃഷിക്കാർക്ക് ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ ആരംഭിക്കുന്നതിനും തുറക്കുന്നതിനും, ടി ശാഖകൾ മുഖേന കാർഷിക വായ്പകൾ നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ആവശ്യക്കാർക്ക് എല്ലാം യഥാസമയം കാർഷിക വായ്പകൾ ലഭ്യമാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് പലിശയുടെ 5 ശതമാനം ഇളവ് വായ്പ അവസാനിക്കുന്ന വേളയിൽ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 7-3-1992-ലെ ജി.ഒ.(എം എസ്) 11/92/സഹ.നമ്പർ ഉത്തരവ് പ്രകാരം 25,000 രൂപവരെ വായ്പയെടുക്കുന്ന രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള കർഷകന് വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മുതൽ തുകയുടെ 5 ശതമാനം പ്രോൽസാഹന മായി അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

5. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി ഒൻപതര ശത മാനം പലിശ നിരക്കിലും സ്വർണ്ണപ്പണയ കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിലും നൽകുന്നതിനും നബാർഡിൽ നിന്ന് മതിയായ തോതിൽ പുനർവായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും 7 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഒരു ശതമാനവും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്ന് വിതരണം ചെയ്യുന്ന വായ്പകൾക്ക് 2 ശതമാനം ഉൾപ്പെടെ 3 ശതമാനം പലിശ സബ്വെൻഷൻ ഹ്രസ്വകാല വായ്പകൾക്ക് നബാർഡിൽ നിന്നും ലഭ്യമാക്കിവരുന്നു.

കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

10 (4065) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ക്ഷേത്രവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരി ക്കുമോ ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകി വരുന്നത് എന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly